## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5994** | **19/11/2019-ൽ മറുപടിയ്ക്ക്**

# സഹകരണ വകുപ്പിന്റെ പ്രവാസി തൊഴിൽ സംരംഭങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.സി. ജോസഫ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | വിദേശത്ത് നിന്നും മടങ്ങിവരുന്ന പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | നോർക്ക റൂട്ട്സുമായി സഹകരിച്ച് വിദേശത്ത് നിന്നും മടങ്ങിവരുന്ന പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രവാസി പുനരധിവാസ എൻ.ഡി.പി.ആർ.ഇ.എം. സ്കീം പ്രകാരം സഹകരണ ബാങ്കുകൾ വഴി വായ്പ അനുവദിക്കുന്നതിന് നോർക്ക റൂട്ട്സുമായി ധാരണ പത്രം ഒപ്പുവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ; | (ബി) | പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.ഇ.എം. സ്കീം). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകിവരുന്നുണ്ട്.<br>തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് എൻ.ഡി.പി.ആർ.ഇ.എം. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് |

| | | | |
|---|---|---|---|
| | | | പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാൻ വേണ്ട സഹായവും സർക്കാർ സ്ഥാപനമായ സി.എം.ഡി വഴി ലഭിക്കും.<br><br>നിലവിൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവ ഉൾപ്പെടെ 14 ധനകാര്യ സ്ഥാപനങ്ങൾ പദ്ധതിയുമായി സഹകരിക്കാൻ നോർക്ക റൂട്ട്സുമായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് വായ്പ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് മുഖാന്തിരം 33 ഗുണഭോക്താക്കൾക്ക് വായ്പകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ